# ഓശാന ഞായർ : ഏപ്രിൽ 5, 2009

'ഹോസാന' അഥവാ 'ഞങ്ങളെ രക്ഷിക്കണമേ' എന്ന നിലവിളി ഒരു രാഷ്ട്രീയ അടിമത്വത്തിന്റെ നുകം ഒടിച്ചുകളയാൻ ഒരു രാജാവിനെ സ്വപ്നം കണ്ട ജനത്തിന്റെ പ്രതീക്ഷയാണ്.

റോമൻ ആധിപത്യമാണ് രാഷ്ട്രീയ പശ്ചാത്തലം. ഒരു സാധാരണ യഹൂദന്റെ മനസ്സ് അവനെ ദൈവം തിരഞ്ഞെടുത്ത് സ്വന്തമാക്കിയവനാണ് എന്ന അഭിമാനബോധത്തിൽ പാകപ്പെടുത്തിയതാണ്. അതുകൊണ്ട് തന്നെ അടിമത്വങ്ങളുടെ കയ്പനുഭവങ്ങൾ അവന്റെ അഭിമാനബോധത്തെ തല്ലിക്കെടുത്തി മനസ്സു നുറുക്കുന്ന അനുഭവമാണ് ഈജിപ്തു മുതലുള്ള അടിമത്വങ്ങളും പ്രവാസങ്ങളുമൊക്കെ അവന്റെ വഴികളിലെ മുറിവുള്ള ഓർമ്മകളാണ് പക്ഷെ അത്തരം അനുഭവങ്ങളിലൊക്കെ ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടലുകളും ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് തന്നെയാണ് യഹൂദന്റെ വിമോചകനുവേണ്ടിയുള്ള കാത്തിരിപ്പ് പ്രതീക്ഷാ നിർഭരമാകുന്നത്.

രാജകീയ പ്രവേശനത്തിന്റെ മുൻ രംഗങ്ങൾ യേശുവിന്റെ അത്ഭുതങ്ങൾ കൊണ്ടുകൂടി സവിശേഷ ശ്രദ്ധയാകർഷിക്കുന്നു. അത്ഭുതങ്ങളിലൂടെ യേശു ജനത്തിന്റെ മനസ്സിൽ ഇടം തേടുകയാണ്. ഈ ഒരു പശ്ചാത്തലത്തിലാണ് യേശു തന്നെയാകും തങ്ങൾ കാത്തിരുന്ന വിമോചകനെന്ന് ജനം കരുതുന്നതും അവന്റെ വരവിന് പരവതാനിയും രാജകീയമായ ആഘോഷങ്ങളും ഒരുക്കുന്നതും.

വൈരുദ്ധ്യങ്ങളായ ലക്ഷ്യവേധങ്ങളാണ് ഈ രംഗത്തിന്റെ സൗന്ദര്യം.

ഒരു രാഷ്ട്രീയ വിമോചനത്തിനും വേണ്ടി വന്നാൽ വധിക്കാനും കീഴടക്കാനും വരുന്നവനാണ് യേശു എന്നു കരുതുന്ന ജനം. എന്നാൽ ഒരു ആത്മീയവിമോചനത്തിനുവേണ്ടി മരിക്കാനും തോല്ക്കാനും തയ്യാറായി ഒരു ബലികുഞ്ഞാടായി യേശുവും. പിന്നീട് ഒരു ഘോഷയാത്രയുടെ ആരവങ്ങളിലൂടെ തുടർന്നുള്ള ദൃശ്യങ്ങൾ...

അട്ടപാടിയിലെ ആദിവാസികളുടെയിടയിൽ ഊരിന്റെ ഉത്സവത്തിന് ഒരാടിനെ ബലി ചെയ്യുന്ന ചടങ്ങുണ്ട്. ഏറ്റവും നല്ല ഒരു മുട്ടാടിനെ അതിനു വേണ്ടിത്തന്നെ വളർത്തും. ബലി ചെയ്യേണ്ട ദിവസമാകുമ്പോൾ ഊരുമൂപ്പന്റെ നേതൃത്വത്തിൽ ആടിനെ ബലി നല്കുന്ന സ്ഥലത്തേക്ക് കൊണ്ടുവരുന്ന ആഘോഷമായ ഒരു കർമ്മമുണ്ട്.

വർണ്ണങ്ങളിൽ കുളിപ്പിച്ച്, കൊമ്പുകളിൽ മണികൾ ചാർത്തി ആടിനെ അലങ്കരിക്കും. കഴുത്തിൽ ആലില തളിർമാല, നെറ്റിയിൽ കുങ്കുമപ്പൊട്ട്, പൂക്കൾ വിതറിയ വഴി..കൊട്ടും കുരവയുമായി ഊരുവാസികൾ പിറകെ.

ആട് എല്ലാവരുടെയും ശ്രദ്ധാകേന്ദ്രമായ ആദരവുകൾ അർപ്പിക്കപ്പെട്ട് മുൻപോട്ടു പോകും. ഏതാനും വാരകൾക്കപ്പുറത്ത് ഒരു ബലിപീഠവും കൊടുവാളും അതിനെ കാത്തിരിക്കുന്നുണ്ട് എന്നറിയാതെ ആഘോഷത്തിമിർപ്പിലൊരു യാത്ര...

ഈശോയുടെ രാജകീയ പ്രവേശനത്തിന് ഒരു വ്യത്യാസം ബലികുഞ്ഞാടിന് അതിനെ കാത്തിരിക്കുന്ന ബലിപീഠത്തിന്റെ ഓർമ്മ ഉള്ളിലുണ്ടെന്നും എന്നാൽ ഘോഷയാത്രയിലുള്ളവർക്ക് അതറിയില്ലെന്നുമുള്ളതാണ്.

ഹോസാനയുടെ ഘോഷയാത്രയുടെ ഒടുവിലത്തെ വേദി ദൈവാലയത്തിലെ കച്ചവടക്കാരെ ഈശോ അടിച്ചിറക്കുന്നതാണ്.

ഇവിടെ മുതൽ ഘോഷയാത്ര അവന് എതിരെ തിരിയുകയാണ്. അതൊരു വേട്ടക്കാരന്റെ മനസ്സ് സ്വന്തമാക്കുകയാണ്. കാരണം അവരുടെ സ്വപ്നങ്ങളിലെ രാജാവല്ല യേശു എന്ന് അവർ തിരിച്ചറിയുന്നു. അതിന്റെ സ്വഭാവികമായ പരിണിതിയാണ് ഇതേ ജനം അവനുവേണ്ടി ഒരുക്കുന്ന രണ്ടാമത്തെ ഘോഷയാത്ര; മരിക്കുവാനുള്ള കുരിശുമരവും ചുമപ്പിച്ചുകൊണ്ട് കാൽവരിയിലേക്ക്.

ഏതുകാലവും ഇങ്ങനെതന്നെയാണ് അവരുടെ ആവശ്യങ്ങൾക്ക് ഇണങ്ങുന്നവനാണ് ദൈവമെങ്കിൽ പരവതാനി, അല്ലെങ്കിൽ കഴുമരവും നിന്ദനങ്ങളും പരിത്യജിക്കലും... തരം പോലെ ഘോഷയാത്രകളെ അപ്പാടെ മുഖവിലയ്ക്ക് എടുക്കരുതെന്നർത്ഥം. അതു നിന്റെ നിയോഗ ബോധത്തെയും തെറ്റിച്ചുകൂടാ.

കുരുത്തോല പ്രദക്ഷിണത്തെപ്പറ്റി ജറുസലേം പട്ടണത്തിലേക്കുള്ള യേശുവിന്റെ വരവിനുള്ള സ്വാഗതമാണീ കുരുത്തോല........ ഇന്നത് നിന്റെ ഹൃദയത്തിലേക്കുള്ള കർത്താവിന്റെ വരവിന് സ്വാഗതമാണ്...

കുരുത്തോല വഹിക്കുന്നവരെല്ലാം..... ( ആണ്ടിൽ ഒരിക്കൽ മാത്രം വരുന്നവരും) അനുഷ്ഠാനങ്ങളുടെയും അർത്ഥങ്ങളുടെയും പ്രകാശത്തിൽ വസിക്കണേ എന്നു പ്രാർത്ഥിക്കുക!

കാരണം ഇതെല്ലാം അപകടസാധ്യതയുള്ള ഒരു കാര്യമാണ്. കുരുത്തോല പ്രദക്ഷിണത്തിനൊടുവിൽ പള്ളിയുടെ വാതിൽ മുട്ടിത്തുറന്ന് കയറുക പ്രതീകാത്മകമാണ്... ഈശോയെ അകത്തേക്കു സ്വീകരിക്കുന്നതിന്റെ പ്രതീകം... കുരുത്തോല വഹിക്കുന്നവനും വാതിൽ തുറക്കണം. ഹൃദയത്തിന്റെ, എന്നിട്ട് വാ ഇതിലെ എന്നു പറയുക (വാ+ഇതിലെ= വാതിൽ).

പക്ഷെ അവൻ ഉള്ളിൽ കടന്നാലോ.... ജറുസലേം ദേവാലയത്തിലേതുപോലെ, ഒരു ‘‘കച്ചവടക്കാരന്റെ’’ ഗുഹയാണ് നിന്റെ ഹൃദയമെങ്കിലോ......അവൻ പ്രതികരിക്കാതിരിക്കില്ല... അതുകൊണ്ട് കുരുത്തോല വാങ്ങുന്നതിലും അപകടമുണ്ടെന്ന് പിൻകുറിപ്പോടെ .... കുരുത്തോല തിരുനാളിന്റെ ആശംസകൾ..

**ഫാ. അലക്സ് വേലാച്ചേരിൽ**